"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - മലപ്പുറം ജില്ല — തിരൂരങ്ങാടി താലൂക്ക് - എ.ആർ.ഡി. 33-ന്റെ മുൻ ലൈസൻസി ശ്രീ.എ.മോഹനകുമാർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ നമ്പർ 38060/2023 മേലുള്ള വിധിന്യായം നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.225/2024/F&CS തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-

1. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 13.07.2023-ലെ CCS/1815/2022-Vig3 നമ്പർ നടപടിക്രമം
2. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 17/10/2023, 01/07/2024 തീയതികളിലെ CCS/6199/2023-A8 നമ്പർ കത്തുകൾ.
3. ശ്രീ.എ. മോഹൻ കുമാർ 02.08.2023 ൽ സമർപ്പിച്ച റിവിഷൻ ഹർജി
4. തിരൂരങ്ങാടി താലൂക്ക് സപ്ലൈഓഫീസറുടെ 18/12/2023-ലെ TSOTG1/882/2023 - CSA നം.കത്ത്
5. റിട്ട് പെറ്റീഷൻ നമ്പർ 38060/2023 മേലുള്ള ബഹു.ഹൈക്കോടതിയുടെ-16/11/2023, 13/06/2024 -തീയതികളി -ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ല തിരൂരങ്ങാടി താലൂക്കിൽ ശ്രീ എ.മോഹൻകുമാർ നടത്തിവന്നിരുന്ന 2055033 നമ്പർ റേഷൻ കടയിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വിജിലൻസ് ഓഫീസർ 30/03/2022ൽ നടത്തിയ പരിശോധനയിൽ കുത്തരി 574 കിലോ കുറവ്, പുഴുക്കലരി 58 കിലോ കുറവ്, ഗോതമ്പ് 763 കിലോ കൂടുതൽ എന്നിങ്ങനെ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

2. ലൈസൻസിക്കെതിരെ കാർഡുടമകൾ, പൊതുപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരിൽ നിന്ന് ലഭിച്ച പരാതികളിൽ നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ കടയുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്യുകയും, തുടർന്ന് നൽകിയ കുറ്റപത്രത്തിൻമേൽ ലൈസൻസി നൽകിയ വിശദീകരണത്തിലും, നേർകാഴ്ചയിൽ നൽകിയ വിശദീകരണത്തിലും തൃപ്തികരമല്ലാത്തതിനാൽ കടയുടെ അംഗീകാരം പരാമർശം (1) പ്രകാരം സ്ഥിരമായി റദ്ദ് ചെയ്യുകയുണ്ടായി.

3.പരാമർശം (1) പ്രകാരം റദ്ദ് ചെയ്ത ലൈസൻസ് പുന:സ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിച്ച് ശ്രീ. എ. മോഹൻകുമാർ പരാമർശം (2) പ്രകാരം സർക്കാരിൽ പുനരവലോകന ഹർജി സമർപ്പിക്കുകയും പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതിയിൽ WP(C) No.38060/2023 അന്യായം ഫയൽ ചെയ്യുകയും ചെയ്തു. ബഹു.ഹൈക്കോടതിയുടെ 16/11/2023-ലെ വിധിന്യായത്തിൽ രണ്ടാം എതിർകക്ഷിയായ CCS പരാതിക്കാരനെ നേരിൽ കേട്ടശേഷം തീർപ്പാക്കാൻ ഉത്തരവായിരുന്നു. 13/06/2024 -ലെ വിധിന്യായപ്രകാരം 'രണ്ടാം എതിർകക്ഷി' എന്നത് 'ഒന്നാം എതിർകക്ഷി' എന്ന് തിരുത്തി ഉത്തരവായിട്ടുണ്ട്. ഹർജിക്കാരൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പുനരവലോകന ഹർജിയിൽ 22/11/2023-ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് അണ്ടർ സെക്രട്ടറി ടിയാനെ നേരിൽ കേട്ടിരുന്നു.

3. നേർക്കാഴ്ച വേളയിൽ ഹർജിക്കാരൻ ബോധിപ്പിച്ച കാര്യങ്ങൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള നടപടിക്രമം, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട്, ബഹു.ഹൈക്കോടതിയുടെ വിധിന്യായം എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

4. വൈകുന്നേരം 6.45നാണ് പരിശോധനയ്ക്ക് എത്തിയതെന്നും അന്നേ ദിവസം സെയിൽസ്മാൻ അവധിയിലായിരുന്നുവെന്നും, പരിശോധനാ സമയത്ത് അട്ടിമറിഞ്ഞു വീണ സാധനങ്ങൾ കൂടിക്കിടന്നിരുന്ന അവസ്ഥയിൽ ആയിരുന്നു എന്നും, തന്റെ റേഷൻകടയിൽ മാത്രമാണ് ഇങ്ങനെ പരിശോധനകൾ നടത്തുന്നതെന്നും, സമീപത്തുള്ള മറ്റ് റേഷൻ കടകളിൽ ഇങ്ങനെ പരിശോധന നടത്താറില്ലെന്നും, ജീവനക്കാർ സ്ഥിരമായി പരിശോധന നടത്തി ഉപദ്രവിക്കുകയാണ് എന്നീ കാര്യങ്ങൾ ഹർജിക്കാരൻ ബോധിപ്പിച്ചു. മാത്രവുമല്ല കഴിഞ്ഞ 33 വർഷമായി തിരൂരങ്ങാടി താലൂക്കിൽ പന്താരങ്ങാടി എന്ന സ്ഥലത്ത് റേഷൻകട നടത്തിവരുകയാണെന്നും തന്റെ ജീവിതമാർഗം ആണ് ഈ സ്ഥാപനം എന്നും, 61 വയസ്സായ തന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മാപ്പാക്കി കടയുടെ ലൈസൻസ് പുന:സ്ഥാപിച്ചു നൽകണമെന്നും നിയമപരമായ പിഴ അടയ്ക്കാൻ തയ്യാറാണെന്നും ഹർജിക്കാരൻ അറിയിച്ചു. തൂക്കച്ചീട്ടിന്റെ അടിസ്ഥാനത്തിൽ തൂക്കം തിട്ടപ്പെടുത്തുന്നത് തനിക്ക് ദോഷകരമായി ഭവിക്കും എന്ന ലൈസൻസിയുടെ വാദം നിലനിൽക്കുന്നതല്ല. ആദ്യം കടയിൽ എത്തുന്ന സ്റ്റോക്ക് ആദ്യം വിതരണം ചെയ്യേണ്ടതാണെന്ന് വ്യക്തമായി പറയുന്നുണ്ട്. ഈ നിയമം പാലിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധനാ സമയം കടയിൽ സ്റ്റോക്കുള്ള സാധനങ്ങൾ എന്തൊക്കെയാണോ ആയത് എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും വിതരണം നടത്തിയ തീയതികളിലെ മാത്രം തൂക്കച്ചീട്ട് കണക്കിലെടുത്താണ് ഭൗതിക സ്റ്റോക്ക് തിട്ടപ്പെടുത്തിയിട്ടുള്ളത് എന്ന് കമ്മീഷണറുടെ റിപ്പോർട്ടിൽ കാണുന്നു. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ലൈസൻസിയുടെ വാദം തെറ്റാണെന്ന് കാണാം. മാത്രമല്ല പരിശോധനാ സമയം സ്റ്റോക്കിൽ കണ്ടെത്തിയ വ്യത്യാസം ബോധ്യപ്പെട്ടതായി അംഗീകരിച്ച് പരിശോധന റിപ്പോർട്ടിൽ ലൈസൻസി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ലൈസൻസി സമർപ്പിച്ച അപേക്ഷയിൽ തന്റെ ഭാഗത്ത് വീഴ്ച ഉണ്ടായെന്നും, പ്രസ്തുത വീഴ്ച മാപ്പാക്കണമെന്നും, പിഴ അടയ്ക്കുവാൻ തയ്യാറാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യത്തിൽ സർക്കാർ അനുവദിച്ച PMGKAY പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ കടയിൽ സ്റ്റോക്ക് ചെയ്യേണ്ട സാഹചര്യം വന്നപ്പോൾ, അതിനുള്ള സ്ഥലസൗകര്യം ഒരുക്കാതെ മനപൂർവ്വം സ്റ്റോക്ക്

നിലവിലെ കടമുറിയിൽ തന്നെ കുത്തി ഞെരുക്കി അട്ടി വച്ചത് പരിശോധനാ ഉദ്യോഗസ്ഥരെ ആശയക്കുഴപ്പത്തിൽ ആക്കി റേഷൻ തിരിമറി നടത്തുവാൻ ആണെന്നുതന്നെ കാണാവുന്നതാണെന്നും കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനാ സമയത്ത് സ്റ്റോക്ക് വിവരങ്ങൾ ഇ പോസ് മെഷീനിൽ നിന്നും ലഭിക്കുന്ന സാഹചര്യത്തിൽ ലൈസൻസിയുടെ മറ്റു വാദങ്ങൾക്ക് പ്രസക്തിയില്ല. ടി ലൈസൻസി മുമ്പും പരിശോധനകൾ നടത്തിയ വേളയിൽ വ്യാപകമായി ക്രമക്കേടുകൾക്കും ഭീമമായ സ്റ്റോക്ക് വ്യത്യാസത്തിനും അച്ചടക്ക നടപടികൾ നേരിട്ടിട്ടുള്ളതും കുറ്റക്കാരൻ എന്ന് കണ്ടെത്തി താക്കീത് ചെയ്തിട്ടുള്ളതുമാണ്. സമീപത്തുള്ള മറ്റു റേഷൻ കടകൾ പരിശോധിക്കാതെ തന്റെ റേഷൻകട മാത്രം പരിശോധിച്ച് ജിവനക്കാർ തന്നെ ഉപദ്രവിക്കുകയാണെന്ന ഹർജിക്കാരന്റെ വാദം തെറ്റാണെന്ന് രേഖകൾ സഹിതം തിരൂരങ്ങാടി താലൂക്ക് സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ലൈസൻസിയുടെ ഒട്ടും തൃപ്തികരമല്ലാത്ത മുൻപ്രവർത്തന കാലയളവ്, പൊതുജനരോഷത്തിന് കാരണമാകും വിധമുള്ള പ്രവർത്തനങ്ങൾ, കാലാകാലങ്ങളിൽ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിക്കുന്നതിൽ ഉണ്ടാകുന്ന അലംഭാവം, ഇതുവരെ ഉണ്ടായിട്ടുള്ള 5 ശിക്ഷണ നടപടികൾക്ക് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ള ഭീമമായ അളവിലുള്ള സ്റ്റോക്ക് വ്യത്യാസം, എന്നിവ പരിഗണിക്കുമ്പോൾ ടി റേഷൻ കട ലൈസൻസി തുടരുന്നത് സർക്കാരിനോടും വകുപ്പിനോടും പൊതുജനങ്ങൾക്ക് അവമതിപ്പും ഉളവാക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന് കാണുന്നു. സമീപത്തുള്ള മറ്റു റേഷൻ കടകൾ പരിശോധിക്കാതെ തന്റെ റേഷൻകട മാത്രം പരിശോധിച്ച് ജിവനക്കാർ തന്നെ ഉപദ്രവിക്കുകയാണെന്ന ഹർജിക്കാരന്റെ വാദം തെറ്റാണെന്ന് രേഖകൾ സഹിതം തിരൂരങ്ങാടി താലൂക്ക് സപ്ലൈ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ CCS ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഭക്ഷ്യപൊതുവിതരണവകുപ്പ് അണ്ടർ സെക്രട്ടറി നടത്തിയ നേർകാഴ്ചയുടെയും അടിസ്ഥാനത്തിൽ ശ്രീ.മോഹൻ കുമാർ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 38060/2023 - ലെ ബഹു.ഹൈക്കോടതിയുടെ പരാമർശം (5) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.മോഹനകുമാർ എ., അമ്പാടി ഹൌസ്, കുടകാട്, ചെട്ടിപ്പടി വഴി, മലപ്പുറം
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(with C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ആഡിറ്റ്),തിരുവനന്തപുരം.
ജില്ലാ സപ്ലൈ ഓഫിസർ, മലപ്പുറം/താലൂക്ക് സപ്ലൈ ഓഫീസർ,തിരൂരങ്ങാടി
പകർപ്പ് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sneha S Nair
Date: 01-08-2024 10:24:01

സെക്ഷൻ ഓഫീസർ

ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്